"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ്-പോലീസ് ജീവനക്കാര്യം-എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിലെ CPO 13832 ശ്രീ.സരിൻ എസ്. മെഡിക്കൽ അവധിയിലായിരുന്ന കാലയളവ് പ്രത്യേക അവശതാവധിയായി ക്രമീകരിച്ച് നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1512/2026/HOME    തീയതി,തിരുവനന്തപുരം, 30-04-2026

---

പരാമർശം:-

1. 24/08/2017 തീയതിയിലെ സ.ഉ(പി) നം.112/2017/ധനം നമ്പർ സർക്കാർ ഉത്തരവ്
2. ശ്രീ.സരിൻ എസ്. 10/11/2025 തീയതിയായി സമർപ്പിച്ച അപേക്ഷ
3. സംസ്ഥാന പോലീസ് മേധാവിയുടെ 24/01/2026 തീയതിയിലെ ഇ5-244069/2025/PHQ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിലെ CPO 13832 ശ്രീ.സരിൻ എസ്., താൻ 20/10/2025-ന് ഡ്യൂട്ടിക്കായി വരുന്ന വഴി വാഹനാപകടത്തിൽപെട്ട് ചികിത്സയിലായിരുന്ന 20/10/2025 തീയതി മുതൽ 09/11/2025 വരെയുള്ള കാലയളവ് പ്രത്യേക അവശതാവധിയായി ക്രമീകരിക്കണമെന്ന് പരാമർശം (2) പ്രകാരം അഭ്യർത്ഥിക്കുകയും, സംസ്ഥാന പോലീസ് മേധാവി ആയത് പരാമർശം (3) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കുകയുമുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.സരിൻ എസ്.-ന് സംഭവിച്ച പരിക്ക് ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി ഉണ്ടായതാണെന്ന് SHO, സെൻട്രൽ PS, എറണാകുളം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ടിയാൻ പ്രസ്തുത അവധിക്ക് ശേഷം 10/11/2025 തീയതിയിൽ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്ന് കൊച്ചി സിറ്റി DIG&CP വ്യക്തമാക്കിയിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിലെ CPO 13832 ശ്രീ.സരിൻ എസ്.-ന് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ സംഭവിച്ച അപകടത്തെ തുടർന്ന് ടിയാൻ മെഡിക്കൽ അവധിയിലായിരുന്ന 20/10/2025 തീയതി മുതൽ 09/11/2025 വരെയുള്ള കാലയളവ് കെഎസ്ആർ ഭാഗം 1 ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധിയായി ക്രമീകരിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANJU M

ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) തിരുവനന്തപുരം
ശ്രീ.സരിൻ എസ്.,CPO 13832 (സംസ്ഥാന പോലീസ് മേധാവി മുഖേന)
വിവരപൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sini George
സെക്ഷൻ ഓഫീസർ
Date: 02-05-2026 16:15:17